# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2515 — 01.04.2013 -ൽ മറുപടിക്ക്.

**അന്യസംസ്ഥാനതൊഴിലാളികൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിൽ തൊഴിലെടുക്കുന്ന 25 ലക്ഷത്തോളം അന്യസംസ്ഥാനതൊഴിലാളികൾക്കായി എന്തെല്ലാം ആനുകൂല്യങ്ങളും ക്ഷേമപ്രവർത്തനങ്ങളുമാണ് നടത്തിവരുന്നതെന്നു വ്യക്തമാക്കുമോ ; | (എ) അന്യസംസ്ഥാന തൊഴിലാളികൾക്ക് മരണാനന്തര ആനുകൂല്യം, ആശ്വാസ ധനസഹായം, ചികിത്സാ സഹായം ടെർമിനൽ ബെനിഫിറ്റ് , ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം എന്നിവ അവർക്കായുള്ള ക്ഷേമ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിൽ വകുപ്പ് ജില്ലാ മെഡിക്കൽ ആഫീസുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും മെഡിക്കൽ ക്യാമ്പുകൾ നടത്തി സൗജന്യ മരുന്നു വിതരണം ചെയ്യുന്നുമുണ്ട്. കിലെയുമായി സഹകരിച്ച് ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. |
| (ബി) ഈ തൊഴിലാളികളെ കൊണ്ടു തൊഴിലെടുപ്പിക്കുന്ന ലേബർ കോൺട്രാക്ടർമാർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) അംഗീകൃത ലേബർ കോൺട്രാക്ടർമാരുടെ കീഴിലല്ലാതെ അന്യസംസ്ഥാന തൊഴിലാളികൾ ജോലിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, അതിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദ വിവരം നൽകുമോ ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോൺട്രാക്ടർമാരില്ലാതെ നേരിട്ട് കേരളത്തിലെത്തി നിർമ്മാണ പ്രവർത്തികൾ ഉൾപ്പെടെയുള്ള ജോലികൾ ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കെതിരെ നടപടിയെടുക്കുവാൻ നിലവിലുള്ള നിയമത്തിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ആഫീസർ.